"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ' വൃത്തി 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്' -എന്ന പേരിലുള്ള ഇവന്റ് സംഘടിപ്പിക്കുന്നതിനും സംഘാടന ചെലവ് കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്

സ.ഉ.(സാധാ) നം.645/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-

1. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഒരു മെഗാ ഇവൻ്റ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 07/01/2025-ൽ ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/02/2025-ലെ SM/257/2025-E2-SSM നമ്പർ കത്ത്
3. **'വൃത്തി - 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്'** സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 06/02/2025, 05/03/2025 തീയതികളിൽ ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങൾ

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നാളിതുവരെയുള്ള നേട്ടങ്ങളെയെല്ലാം ഒരു കുടക്കീഴിൽ സമൂഹത്തിന് മുന്നിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നിലും ഉയർത്തിക്കാട്ടുന്നതിന് ലക്ഷ്യമിട്ട് ഒരു മെഗാ ഇവൻ്റ് **'വൃത്തി - 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്'** എന്ന പേരിൽ 2025 ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരം കനകക്കുന്ന് പാലസും പരിസരവും വേദിയായി സംഘടിപ്പിക്കുന്നതിന് പരാമർശം(1) പ്രകാരം തീരുമാനിച്ചു.

2. രൂപപ്പെടുന്ന മാലിന്യം പൂർണ്ണമായും ശേഖരിച്ച് സമയബന്ധിതമായും ശാസ്ത്രീയമായുംസംസ്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനും പൊതുജനങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സഹായകരമാകുമെന്ന് കരുതുന്ന പ്രസ്തുത ഇവന്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എക്സിബിറ്റർമാർ, ടെക്നോളജി പ്രൊവൈഡേഴ്സ്, ഇന്നൊവേറ്റേഴ്സ്, ട്രേഡ് അസോസിയേഷനുകൾ, സ്റ്റാർട്ടപ്പുകൾ, സംരംഭകർ, അക്കാദമിക ഗവേഷണ മേഖലയിലുള്ളവർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതുജനങ്ങൾ ഉൾപ്പെടെ ഒരു ലക്ഷത്തിലധികം പേർ ഭാഗഭാക്കാവുമെന്ന് പ്രതീക്ഷിക്കുന്നു,

ഏകദേശം 8 കോടിയോളം രൂപ ചെലവായി പ്രതീക്ഷിക്കുന്ന, പ്രസ്തുത ഇവന്റിന് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, എക്സിബിറ്റർമാരിൽ നിന്നും, ശുചിത്വ മിഷൻ അംഗീകൃത ഏജൻസികളിൽ നിന്നും, സ്പോൺസർമാരിൽ നിന്നും, സർക്കാർ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും, ശുചിത്വ മിഷന്റെ കേന്ദ്ര - സംസ്ഥാനാവിഷ്കൃത ഫണ്ടുകളിൽ നിന്നും കണ്ടെത്തുന്നതിന് പരാമർശത്തിലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.

3. 'വൃത്തി – 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്' ' എന്ന പേരിൽ ഇവന്റ് സംഘടിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് നൽകുന്നതിനുള്ള അനുവാദം, ഇവന്റിൽ പങ്കെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള അനുമതി, ആയതിനുള്ള യാത്രാനുബന്ധ ചെലവുകൾ, കോൺക്ലേവ്' ന്റെ മുന്നൊരുക്കമെന്ന നിലയിൽ വാർഡുതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ നടപ്പിലാക്കേണ്ട ജനകീയ പരിപാടികളുടെ നടത്തിപ്പ് ചെലവ്, കോൺക്ലേവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എക്സിബിഷൻ സ്റ്റാളുകൾ സ്ഥാപിക്കുകയോ ഏതെങ്കിലും തരത്തിലുള്ള മത്സരങ്ങളിലോ ഡെമോൺസ്ട്രേഷനുകളിലോ പങ്കെടുക്കുന്നതിന്റെ ഭാഗമായോ ഉണ്ടാകുന്ന ചെലവുകൾ എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതിന് അനുമതി, അപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഫണ്ട് ശുചിത്വ മിഷന്റെ പേരിൽ IDBI ബാങ്കിൽ വഴുതക്കാട് എന്ന ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 0046104000272292, IFSC: IBKL0000046 -ൽ നിക്ഷേപിച്ച് ശുചിത്വ മിഷന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി എന്നീ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

4. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തി മുന്നോട്ടു പോകുന്നതിനും ഉയർത്തിക്കാട്ടുന്നതിനുമായി സംഘടിപ്പിക്കുന്ന 'വൃത്തി – 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്'ൽ എക്സിബിറ്റർമാർ, ടെക്നോളജി പ്രൊവൈഡേഴ്സ്, ഇന്നൊവേറ്റേഴ്സ്, ട്രേഡ് അസോസിയേഷനുകൾ, സ്റ്റാർട്ടപ്പുകൾ, സംരംഭകർ, അക്കാദമിക ഗവേഷണ മേഖലയിലുള്ളവർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ ഉൾപ്പെടെ ഒരു ലക്ഷത്തിലധികം പേർ ഭാഗമാകുമെന്നും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങളും മാറിവരുന്ന സാങ്കേതികവിദ്യകളും പങ്ക് വയ്ക്കാൻ രണ്ട് വർഷത്തിലൊരിക്കൽ ഒരു ആഗോള സംഗമവേദിയായി കേരളത്തെ മാറ്റുന്നതിനും സഹായകരമാകുമെന്നും കരുതുന്ന 'വൃത്തി – 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്'-ന്റെ സംഘടനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. 2025 ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരം കനകക്കുന്ന് പാലസും പരിസരവും വേദിയായി 'വൃത്തി – 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്' എന്ന പേരിൽ ഒരു ഇവന്റ് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

ii. 'വൃത്തി – 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്' ൽ പങ്കെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, തദ്ദേശ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ഭംഗം വരാത്തവിധം ഓഫീസ് ക്രമീകരണം ഒരുക്കി, പങ്കെടുക്കുന്നതിന് ഉദ്യോഗസ്ഥർക്കും അനുമതിനൽകിയും ഉത്തരവാകുന്നു.

iii. ഇവന്റിന്റെ സംഘാടന ചെലവിലേക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നോ ചുവടെ പട്ടികപ്പെടുത്തും പ്രകാരമുള്ള ഫണ്ട് വകയിരുത്തി ശുചിത്വ മിഷന്റെ പേരിൽ IDBI ബാങ്കിന്റെ വഴുതക്കാട് ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 0046104000272292, IFSC: IBKL0000046 -ൽ നിക്ഷേപിച്ച് ശുചിത്വ മിഷന് കൈമാറേണ്ടതാണ്

| ക്രമ നം . | തദ്ദേശ സ്വയംഭരണ സ്ഥാപനം | തുക (രൂപ ) |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്തുകൾ | 25,000/- |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | 2,00,000/- |
| 3 | ജില്ലാ പഞ്ചായത്തുകൾ | 5,00,000/- |
| 4 | മുനിസിപ്പാലിറ്റികൾ | 2,00,000/- |
| 5 | മുനിസിപ്പൽ കോർപ്പറേഷനുകൾ | 5,00,000/ |

iv. 'വൃത്തി — 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്' ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പങ്കെടുക്കുന്നതിനുള്ള യാത്രാനുബന്ധ ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ് .

v. 'വൃത്തി — 2025 - ദി ക്ലീൻ കേരളാ കോൺക്ലേവ്' ന്റെ മുന്നൊരുക്കമെന്ന നിലയിൽ വാർഡുതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ നടപ്പിലാക്കേണ്ട ജനകീയ പരിപാടികളുടെ നടത്തിപ്പ് ചെലവും, കോൺക്ലേവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എക്സിബിഷൻ സ്റ്റാളുകൾ സ്ഥാപിക്കുകയോ ഏതെങ്കിലും തരത്തിലുള്ള മത്സരങ്ങളിലോ ഡെമോൺസ്ട്രേഷനുകളിലോ പങ്കെടുക്കുന്നതിന്റെ ഭാഗമായോ ഉണ്ടാകുന്ന ചെലവുകളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രോജെക്ട് ഡയറക്ടർ,കെ എസ് ഡബ്ല്യൂ എം പി
[illegible]
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
ഡയറക്ടർ ജനറൽ ,കില
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
[illegible]
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, Information Kerala Mission (IKM).
ജില്ലാ ജോയിന്റ് ഡയറക്ടർമാർ,തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കോ ഓർഡിനേറ്റർമാർ, ശുചിത്വ മിഷൻ / ഹരിത കേരള മിഷൻ

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ / ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ കേരളം, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ), തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 10-03-2025 06:36:57

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി എ-യ്ക്ക്